**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **11-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രതിവർഷം നൽകുന്ന ശമ്പളം എത്രയെന്നും, പെൻഷൻ ഇനത്തിൽ നൽകുന്ന തുക എത്രയെന്നും വിശദമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ 2023-24 സാമ്പത്തിക വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും മറ്റും സേവന വിരാമ ആനുകൂല്യങ്ങളും നൽകുന്നതിനുമായി യഥാക്രമം 38570.06 കോടി രൂപയും, 25642.46 കോടി രൂപയും ചെലവായിട്ടുണ്ട്. എന്നാൽ വകുപ്പുതല കണക്കുകൾ പ്രകാരം മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ ഒഴികെ പെൻഷനുമാത്രമായി 18436.72 കോടി രൂപയാണ് ചെലവായിട്ടുള്ളത്. |
| (ബി) | പ്രതിമാസം 50,000 രൂപയ്ക്ക് മുകളിൽ ശമ്പളം കൈപ്പറ്റുന്ന സർക്കാർ ജീവനക്കാരുടേയും, 50,000 രൂപയ്ക്ക് മുകളിൽ പെൻഷൻ കൈപ്പറ്റുന്നവരുടേയും എണ്ണം ലഭ്യമാക്കാമോ? | (ബി) | 07.06.2024 ലെ സ്പാർക്ക് ആപ്ലിക്കേഷനിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2024 മാർച്ച് മാസത്തിൽ 2,88,120 സർക്കാർ ജീവനക്കാരാണ് 50,000 രൂപയ്ക്ക് മുകളിൽ ശമ്പളം കൈപ്പറ്റിയത്. പെൻഷൻ ഇനത്തിൽ ക്ഷാമാശ്വാസവും മറ്റ് അലവൻസുകളും ഉൾപ്പെടെ 27,428 പേരാണ് പ്രതിമാസം 50,000 രൂപയ്ക്ക് മുകളിൽ തുക കൈപ്പറ്റുന്നത്. |

സെക്ഷൻ ഓഫീസർ